# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2442**

**18.06.2014** ൽ മറുപടിക്ക്

<u>പമ്പ ആക്ഷൻപ്ലാൻ</u>

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പമ്പ ആക്ഷൻപ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ; ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണെന്ന് അറിയിക്കുമോ ; | (എ) | പമ്പ ആക്ഷൻപ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 18.45 കോടി രൂപയുടെ ഒന്നാംഘട്ട പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 70% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവുമായാണ് പ്രവൃത്തികൾ അംഗീകരിച്ചത്. |
| (ബി) | ഈ തുക ഉപയോഗിച്ച് എന്തൊക്ക നിർമ്മാണ പവൃത്തികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; ഓരോ പദ്ധതിയും പദ്ധതിയുടെ തുകയും വ്യക്തമാക്കുമോ ; | (ബി) | ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 12 പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. സന്നിധാനത്തിൽ 3 എംഎൽഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - 240 ലക്ഷം<br>2. പമ്പയിൽ 1.5 എംഎൽഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - 120 ലക്ഷം<br>3. പമ്പയിലും സന്നിധാനത്തിലുമുള്ള സ്വീവേജ് കളക്ഷൻ ടാങ്കിന്റെ അനുബന്ധ പണികൾ - 194.30 ലക്ഷം<br>4. ശബരിമലയിൽ 300 കക്കൂസും പമ്പയിൽ 400 കക്കൂസും 100 കുളിമുറികളും - 230 ലക്ഷം<br>5. ഖരമാലിന്യ സംസ്ക്കരണം - 250 ലക്ഷം<br>6. പമ്പയിലും സന്നിധാനത്തിലുമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അനുബന്ധപണികൾ - 126.95 ലക്ഷം<br>7. ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ - 140 ലക്ഷം<br>8. കക്കാത്തോടിലും ഒരു കുഴിതീർത്ഥം തോടിലും വിയറുകളുടെ നിർമ്മാണം - 25 ലക്ഷം.<br>9. പമ്പാനദിയിലേയും കക്കി നദിയിലേയും മാലിന്യങ്ങൾ തള്ളിവിടുന്നത് സംഗമസ്ഥലത്തിന് മുകളിലായി |

സ്റ്റോറേജ് വിയറും അനുബന്ധ പണികളും മാലിന്യ സ്രോതസ്സുള്ള വേലികളും വിയറിനടുത്ത് ജനറേറ്ററിനുവേ ണ്ടിയുള്ള സ്റ്റോറേജ് ഷെഡ് നിർമ്മാണവും - 86.25 ലക്ഷം

10. പമ്പയിലെ കുളിക്കടവിലേയ്ക്ക് ഞുണുങ്ങാർ നദിയിൽ നിന്ന് മാലിന്യങ്ങൾ കടത്തുന്നത് തടയാനായി ആറാട്ടുകടവ് കുളിക്കടവിന്റെ താഴ്ഭാഗത്ത് വിയറിന്റെ നിർമ്മാണം- 18 ലക്ഷം
11. പമ്പാനദിയുടെ ഇടത് കരയിൽ നിലവിവുള്ള കുളിക്കടവിന് എതിർ വശത്ത് പുതിയതായി കുളിക്കടവ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും - 35 ലക്ഷം
12. പൊതുജന ബോധവൽക്കരണം - 20 ലക്ഷം

| | | | |
|---|---|---|---|
| (സി) | ഇതിൽ എത്ര പദ്ധതികളാണ് നടപ്പാക്കിയത് ; നടപ്പാക്കിയ ഓരോ പദ്ധതിയും അവയ്ക്കായി ചെലവിട്ട തുകയും വ്യക്തമാക്കുമോ ; | (സി) | മേൽപ്പറഞ്ഞ 12 പദ്ധതികളിൽ ക്രമ നം. 7, 8 എന്നിവ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കി. ബാക്കിയുള്ളവയിൽ ക്രമ നം. 1 മുതൽ 6 വരെയുള്ള പദ്ധതികൾ തിരുവിതാംകൂർ ദേവസ്വംബോർഡിനെയും ക്രമ നം. 9 മുതൽ 11 വരെയുള്ള പദ്ധതികൾ ജലസേചന വകുപ്പിനെയും 12-ാമത്തെ പദ്ധതി കേരള വാട്ടർ അതോറിറ്റിയെയുമാണ് ഏൽപ്പിച്ചത്. അതിൽ ദേവസ്വം ബോർഡിനെ ഏൽപ്പിച്ച 4, 5 പദ്ധതികൾ പൂർത്തീകരിച്ചു. ഒന്നാമത്തെ പദ്ധതി ആരംഭിക്കുകയും ചെയ്തു. ഈ രണ്ടു പദ്ധതികൾക്കുമായി 1478.24 ലക്ഷം രൂപ ചെലവഴിച്ചു. ക്രമ നം. 9, 10, 11 പദ്ധതികൾ ജലസേചന വകുപ്പ് 237.06 ലക്ഷം രൂപയ്ക്ക് പൂർത്തീകരിച്ചു. 12-ാം പദ്ധതി കേരള വാട്ടർ അതോറിറ്റിയും പൂർത്തീകരിച്ചിട്ടുണ്ട്. 18.94 ലക്ഷം രൂപയാണ് വിനിയോഗിച്ചത്. ആകെ 1734.24 കോടി രൂപയുടെ പണികൾ പൂർത്തീകരിച്ചു. |
| (ഡി) | ബാക്കി പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ; ഈ പദ്ധതികൾ അടിയന്തിരമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ? | (ഡി) | ക്രമ നം. 7, 8 പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കിയവയാണ്. ക്രമനം. 1,2,3,6 എന്നീ പദ്ധതികൾ ശബരിമലയിലും പമ്പയിലും സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണികൾ, അതിനോടനുബന്ധമായ സ്വീവേജ് ലൈൻ ഇടുന്ന പണികൾ എന്നിവയായിരുന്നു. ഭക്തജനബാഹുല്യം കണക്കിലെടുത്ത് ശബരിമലയിൽ 3 എം.എൽ.ഡി പ്ലാന്റിനു പകരം 5 എം.എൽ.ഡി പ്ലാന്റ് സ്ഥാപിക്കുവാൻ ഓംബുഡ്സ്മാന്റെ നിർദ്ദേശം വന്നതിനാലും പ്ലാന്റിന്റെ ഡിസൈനിന്റെ സാങ്കേതിക തീരുമാനമെടുക്കുന്നതിന് കാലതാമസം |

നേരിട്ടതിനാലും മറ്റുമാണ് ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി തുടങ്ങുവാൻ കാലതാമസം ഉണ്ടായത്. ശബരിമല മാസ്റ്റർ പ്ലാനിൽപ്പെടുത്തി ഒന്നാമത്തെ പദ്ധതിയായ ശബരിമലയിലെ സീവേജ് ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി ആരംഭിച്ചതായും രണ്ടാമത്തെ പദ്ധതിയായ പമ്പയിലെ സീവേജ് ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി ഉടൻ ആരംഭിക്കുവാൻ സാധിക്കുമെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ക്രമ നം. 3, 6 പദ്ധതികൾ 1, 2 പദ്ധതികളുടെ അനുബന്ധ പദ്ധതികളാകയാൽ അവയുടെ പൂർത്തീകരണത്തിനു ശേഷം മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ